പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1161

20.03.2012 - ൽ മറുപടിക്ക്

## ദേശീയപാത 47,17 എന്നിവയുടെ വികസനപ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പമന്ത്രി) |
| (എ) ദേശീയപാത 47,17 എന്നിവയുടെ വികസനപ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ ; | (എ) സംസ്ഥാനത്തെ എൻ.എച്ച് 17- ന്റേയും എൻ.എച്ച്.47-ന്റേയും വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് എൻ.എച്ച്.ഡി.പി.യിൽ ഉൾപ്പെടുത്തി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.<br>എൻ.എച്ച്. 17 -ൽ തലപ്പാടി മുതൽ കണ്ണൂർ വരെയുള്ള ഭാഗത്തെ പണി അവാർഡ് ചെയ്തിട്ടുണ്ട്, പക്ഷെ എഗ്രിമെന്റ് ഒപ്പിട്ടിട്ടില്ല. കണ്ണൂർ മുതൽ വെങ്കളം വരെയും വെങ്കളം മുതൽ കുറ്റിപ്പുറം വരെയുള്ള ഭാഗത്തെ പണി അവാർഡ് ചെയ്ത് എഗ്രിമെന്റ് കൺസഷണർ 24.02.2010-ന് ഒപ്പിട്ടിട്ടുണ്ട്.<br>ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് NH Act 1956 പ്രകാരം 3(A) (1) വിജ്ഞാപനം ഭാരത സർക്കാരിന്റെ ഗസറ്റിൽ പരസ്യപ്പെടുത്തിക്കഴിഞ്ഞു. എൻ.എച്ച് 17 -ൽ കുറ്റിപ്പുറം മുതൽ |

ഇടപ്പള്ളി വരെയുള്ള ഭാഗത്തിന്റെ ഭൂമി ഏറ്റെടുക്കുന്ന നടപടികൾക്കുള്ള 3(A) (1) വിജ്ഞാപനത്തിനുള്ള നടപടികൾ ചെയ്തുവരുന്നു.

എൻ.എച്ച് 47 -ൽ വാളയാർ മുതൽ വടക്കഞ്ചേരി വരെയുള്ള (കി.മീ.182/250 – 240/000) ഭാഗം നാലുവരി പാതയായി വികസിപ്പിക്കുന്നതിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിക്കുകയും BOT വ്യവസ്ഥയിൽ പണികൾ കരാർ ചെയ്യുന്നതിന് വേണ്ടിയുള്ള നടപടികൾ എൻ.എച്ച്.എ.ഐ.യുടെ ന്യൂഡൽഹിയുടെ ഓഫീസിൽ പുരോഗമിച്ചുവരികയുമാണ്. വടക്കൻഞ്ചേരി മുതൽ തൃശ്ശൂർ വരെയുള്ള 6 വരി പാതയുടെ പണികൾ BOT വ്യവസ്ഥയിൽ കരാർ നൽകി പുരോഗമിച്ചുവരുന്നു.

തൃശ്ശൂർ മുതൽ അങ്കമാലി (കി.മീ.270/00 – 316/700) വരെയുള്ള 4 വരി പാതയും അങ്കമാലി - ഇടപ്പള്ളി (കി.മീ.316/700 – 342/000) ഭാഗത്തിന്റെ ഇംപ്രൂവ്മെന്റും മെയിന്റനൻസും BOT വ്യവസ്ഥയിൽ 04.12.2011 -ൽ പൂർത്തിയായി.

എൻ.എച്ച് 47 -ൽ ചേർത്തല മുതൽ തിരുവനന്തപുരം വരെയും (കി.മീ.379/100 – 551/900) തിരുവനന്തപുരം മുതൽ കേരള-തമിഴ്നാട് അതിർത്തിവരെയുമുള്ള (കി.മീ.0/000 -43/000) (തിരുവനന്തപുരം ബൈപ്പാസ്) ഭാഗം 4/6 വരിപാതയാക്കി വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി എൻ.എച്ച്. ആക്ട് 1956 പ്രകാരം 3(A) (1) വിജ്ഞാപനം ഭാരത സർക്കാർ ഗസറ്റിൽ പരസ്യപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നു കൊണ്ടിരിക്കുന്നു.

| | |
|---|---|
| (ബി) 45 മീറ്ററിൽ ദേശീയപാത വികസിപ്പിക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; | (ബി) കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ ഇത്രയും വീതിയിൽ സ്ഥലം എടുക്കുന്നത് ബുദ്ധിമുട്ടാണ്. എന്നിരുന്നാലും ഫലപ്രദമായ പുനരധിവാസ പാക്കേജിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിഗണനയിലാണ്. |
| (സി) നേരത്തെ പ്രസിദ്ധപ്പെടുത്തിയ അലൈൻമെന്റിൽ മാറ്റം വരുത്തിയിട്ടുണ്ടോ ; | (സി) ദേശീയപാതകളുടെ അലൈൻമെന്റിൽ മാറ്റം വരുത്തിയിട്ടില്ല. എന്നാൽ എൻ.എച്ച്. 17 -ൽ (കാസറഗോഡ് ജില്ല) കമ്പള ഭാഗത്ത് ശ്രീ.ഗോപാലകൃഷ്ണ ക്ഷേത്രത്തെ സംരക്ഷിക്കുന്നതിനും, മുഴിപ്പിലങ്ങാട്, ചേങ്ങോട്ട് കാവ്, ചംചേരി എന്നിവിടങ്ങളിൽ റെയിൽവേയുടെ ഭൂമി ഒഴിവാക്കുന്നതിലേയ്ക്കുമായി അലൈൻമെന്റിൽ മാറ്റം വരുത്തുന്നത് പരിശോധിച്ചുവരുന്നു. |
| (ഡി) സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പുനരധിവാസ പാക്കേജിലെ വ്യവസ്ഥകൾ വ്യക്തമാക്കാമോ ; | (ഡി) റവന്യൂവകുപ്പിന്റെ 15.11.2011 -ലെ സ.ഉ. (കയ്യെഴുത്ത്) നം.419/2011/റവ, പൊതു മരാമത്ത് വകുപ്പിന്റെ സ.ഉ. (സാധാ) നം.1766/2011/പൊമവ. എന്നീ ഉത്തരവുകൾ പ്രകാരം പുനരധിവാസ പാക്കേജ് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പുനരധിവാസ പാക്കേജിലെ വ്യവസ്ഥകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഇ) ദേശീയപാതാവികസനത്തിന് സംസ്ഥാനസർക്കാർ ചെയ്യേണ്ട കാര്യങ്ങൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ ? | (ഇ) നടപടി സ്വീകരിച്ചുവരുന്നു. |

Lalitha

സെക്ഷൻ ഓഫീസർ

# അനുബന്ധം

ദേശീയപാത 17, 47 എന്നിവയുടെ വികസന പ്രവർത്തനങ്ങൾക്കായി സ്ഥലമേറ്റെടുക്കുമ്പോൾ ഭൂമി നഷ്ടപ്പെടുന്നവർക്കായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പുനരധിവാസ പാക്കേജിലെ പ്രാധാനപ്പെട്ട വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു:-

1. ഏറ്റെടുക്കുന്ന ഭൂമിയ്ക്ക് കമ്പോളവില നല്കുക.
2. പഴക്കമോ തേയ്മാനമോ കണക്കിലെടുക്കാതെ നിലവിലുള്ള നിരക്കനുസരിച്ചുള്ള വില കെട്ടിടങ്ങൾക്കും മറ്റും നല്കുക.
3. ഭൂമിയോ, വീടോ നഷ്ടപ്പെടുകയും ശമ്പളത്തിൽ നിന്നുള്ള വരുമാനം ഇല്ലാതിരിക്കുകയും വാർഷിക വരുമാനം 75,000 രൂപയിൽ താഴെയും വരുന്ന പദ്ധതിബാധിതകുടുംബത്തിന് മൂന്ന് സെന്റ് വസ്തു വരെ നല്കാവുന്നതാണ്.
4. തൊഴിൽ ലഭ്യതയുള്ള പ്രോജക്ടുകളിൽ കുടിയൊഴിപ്പിക്കപ്പെട്ട കുടുംബത്തിലെ ഒരംഗത്തിന് സ്ഥിരമായ വരുമാനം കിട്ടുന്ന ജോലി നല്കുന്നകാര്യം റിക്വിസിഷനിങ്ങ് അതോറിറ്റി പരിഗണിക്കേണ്ടതാണ്.
5. താമസസ്ഥലം നഷ്ടപ്പെടുന്നവർക്ക് 6 മാസത്തേയ്ക്ക് 5,000 രൂപ നിരക്കിൽ വാടകയും Shifting Allowance ആയി 25,000/-രൂപയും നല്കേണ്ടതാണ്.
6. മൊത്തം ഭൂമിയും നഷ്ടപ്പെടുന്നവർക്ക് അവർ ആവശ്യപ്പെടുന്നപക്ഷം ഭൂമിയുടെ നഷ്ടപരിഹാര വിലയോ ഏറ്റെടുത്ത ഭൂമിയുടെ 25% സ്ഥലം പുതിയ റോഡ് സൈഡിലോ പ്രോജക്ട് സൈറ്റിനരികിലോ നൽകേണ്ടതാണ്.
7. കുറഞ്ഞത് 3 വർഷമായി വാടകയ്ക്ക് കച്ചവടം നടത്തുന്നവർക്ക് പദ്ധതിപ്രകാരം വരുമാനമാർഗ്ഗം നഷ്ടപ്പെട്ടാൽ ഒറ്റതവണ അലവൻസ് ആയി 2,00,000/- രൂപ നൽകേണ്ടതാണ്. വഴിയോര കച്ചവടക്കാർക്കും ചെറുകിടവ്യവസായികൾക്കും ഇത് ബാധകമായിരിക്കും. കമ്പനികൾ,

ബാങ്കുകൾ, ധനകാര്യസ്ഥാപനങ്ങൾ, വലിയ കടകൾ, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് ഈ അനുകൂല്യം ലഭിക്കുന്നതല്ല. കുറഞ്ഞത് 3 വർഷം കുടികിടപ്പവകാശമുള്ളവർക്ക് 6 മാസത്തേക്ക് 6,000/- രൂപ നിരക്കിൽ ധനസഹായവും കെട്ടിടത്തിന്റെ വിലയായി 25,000/- രൂപയിൽ കുറയാതെയുള്ള ധനസഹായവും ലഭ്യമാക്കേണ്ടതാണ്.

8. ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് വ്യക്തതയില്ലാതെയും ജില്ലാതല പർച്ചേസ് കമ്മിറ്റി നിശ്ചയിച്ച ഭൂവില സ്വീകാര്യമല്ലാതെയും വരുന്ന കേസുകളിൽ തുടർന്നുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ LA Act 1894/NHAI Act -ന് വിധേയമായിരിക്കും.
9. കുടിയൊഴിപ്പിക്കപ്പെട്ട കടയുടമകൾക്ക് പഞ്ചായത്ത് രാജ് നടത്തുന്ന കൊമേർഷ്യൽ കോമ്പ്ലക്സുകളിലും റിക്വിസിഷണിംഗ് ഏജൻസിയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ നിർമ്മിക്കുന്ന ഷോപ്പിംഗ് കോമ്പ്ലക്സുകളിലും മുൻഗണന നൽകേണ്ടതാണ്.
10. വസ്തു ഏറ്റെടുക്കലിനുശേഷം വസ്തുവിന്റെ 50% ഉടമസ്ഥന് കൈവശമുണ്ടാകുകയും ടി ഭൂമികൂടി സർക്കാർ ഏറ്റെടുക്കുന്നതിന് സമ്മതമാകുകയും ചെയ്യുന്നപക്ഷം, സർക്കാർ ടി ഭൂമികൂടി ഏറ്റെടുത്ത് പൊതു ആവശ്യത്തിന് ഉപയോഗിക്കുന്നതാണ്.
11. സ്ഥലവും കെട്ടിടവും നഷ്ടപ്പെടുന്ന സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ആരാധനാലയങ്ങൾക്കും ജില്ലാതല പർച്ചേസ് കമ്മിറ്റി നിശ്ചയിക്കുന്ന സ്ഥലത്തിന്റെ വിലയും കെട്ടിടത്തിന്റെ വിലയും നഷ്ടപരിഹാരമായി ലഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ